# MAR THOMA SUNDAY SCHOOL SAMAJAM

## V.B.S. DEPARTMENT

## VACATION BIBLE SCHOOL - 2018

### ചിന്താവിഷയം : രൂപാന്തരപ്പെടുത്തുന്നവർ (റോമർ 12:2)

### TRANSFORMERS (Romans 12:2)

അവധിക്കാലം പ്രയോജനകരമാക്കാനും, ദൈവവചന പഠനത്തിലൂടെ ക്രിയാത്മക കാഴ്ചപ്പാടുകളും ഉന്നത മൂല്യങ്ങളും നേടുവാനും, ആത്മ സമർപ്പണത്തിലൂടെ ഉത്കൃഷ്ട സേവനങ്ങൾക്ക് മനസ്സൊരുക്കുവാനുള്ള അവസരമാണിത്.

കുട്ടികൾ ഇതു പ്രയോജനപ്പെടുത്തുവാൻ മുൻകൂട്ടി വി.ബി.എസ് ക്രമീകരണങ്ങൾ ചെയ്യുക.

***പ്രത്യേകതകൾ:***

വചനപഠനം, ഗാനപരിശീലനം, ക്രിയാത്മക പ്രവർത്തനങ്ങൾ, പ്രായോഗിക പരിപാടികൾ, സംഘ ബോധം വളർത്തുക, കൂട്ടായ്മയുടെ ശക്തി തിരിച്ചറിയുക, പരസ്പര ബഹുമാനം പഠിക്കുക, സേവനത്തിന്റെ ശക്തിയും പ്രാധാന്യവും തിരിച്ചറിയുക, സർഗവാസനകളെ പരിപോഷിപ്പിക്കുക, കൂട്ടുത്തരവാദിത്തത്തോടെ പ്രവർത്തിക്കുവാൻ പഠിക്കുക, പുതിയ സമൂഹത്തിന്റെ സൃഷ്ടിയായ് സജ്ജരാകുക, ദൈവരാജ്യ മൂല്യങ്ങൾക്കായി സമർപ്പിതരാകുക, യേശുക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുക.

***നിങ്ങൾ ചെയ്യേണ്ടത്:***

- ♦ സൺഡേസ്കൂൾ സമാജത്തിലെ സൺഡേസ്കൂളുകൾ വി.ബി.എസ് നടത്തുമ്പോൾ സമാജത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് – 150 രൂപ. **മുൻകൂട്ടി രജിസ്ട്രേഷൻ നടത്തുന്ന സെന്ററുകൾക്കു മാത്രമേ VBS materials സമാജത്തിൽ നിന്നും ലഭിക്കുകയുള്ളൂ.**
- ♦ **നിങ്ങളുടെ വി.ബി.എസ്സി ൽ നിന്ന് കുറഞ്ഞത് രണ്ടു ആളുകളെയെങ്കിലും സമാജം നടത്തുന്ന പരിശീലന ക്യാമ്പിൽ അയയ്ക്കണം.** സമർപ്പണ ബോധവും, പാട്ടു പാടുവാനും, പരിശീലിപ്പിക്കുവാനും കഴിവുകളും ഉള്ളവരെ വേണം ക്യാമ്പിലേക്കു അയക്കുവാൻ. ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടു കൂടി പ്രത്യേക ഫോമിൽ അപേക്ഷ നല്കേണ്ടതാണ്. 18 വയസ്സ് പൂർത്തീകരിച്ചവർക്ക് മാത്രമേ ലീഡറായി സമാജം നിയമനം നൽകുകയുള്ളൂ. രജിസ്ട്രേഷൻ ഫോം, ഐഡന്റിഫിക്കേഷൻ ഫോം എന്നിവ സമാജം ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. **www.samajam.marthoma.in / email: mtsamajam@gmail.com**
- ♦ 2018 ലെ വി.ബി.എസ് അനുഗ്രഹകരമാകാൻ നിങ്ങളുടെ പ്രാർത്ഥനാ സഹകരണം നല്കുക.
- ♦ വി.ബി.എസ് ശുശ്രൂഷകൾക്കായി ഉദാരമായി സംഭാവന ചെയ്യുക.

## നേതൃത്വ പരിശീലന ക്യാമ്പുകൾ

1. **2018 ഫെബ്രുവരി 23 ന് 5 പി.എം. മുതൽ ഫെബ്രുവരി 25 ന് 1 പി.എം. വരെ CEC ചരൽക്കുന്ന്.**
2. **2018 മാർച്ച് 2 ന് 5 പി.എം. മുതൽ മാർച്ച് 4 ന് 1 പി.എം. വരെ ജൂബിലി മന്ദിരം, കൊട്ടാരക്കര**
3. **2018 മാർച്ച് 9 ന് 10 എ.എം. മുതൽ 11 ന് 3 പി.എം. വരെ നെയ്യാറ്റിൻകര**
4. **2018 മാർച്ച് 23 ന് 5 പി.എം. മുതൽ മാർച്ച് 25 ന് 1 പി.എം. വരെ M.T. യൂത്ത് സെന്റർ, ബാംഗ്ലൂർ**

## ക്യാമ്പ് ഫീസ് 700 രൂപ

***(VBS CD, Devotion Guide, Song Book)***

## വി.ബി.എസ്. റൗണ്ട്സ്

**1-ാം റൗണ്ട് - 2018 ഏപ്രിൽ 2 മുതൽ 12 വരെ**

**2-ാം റൗണ്ട് - 2018 ഏപ്രിൽ 16 മുതൽ 26 വരെ**

**വി.ബി.എസ്. രജിസ്ട്രേഷൻ ഫീസ് 150/-രൂപ**

വി.ബി.എസ് രജിസ്ട്രേഷൻ മുൻഗണനാ ക്രമത്തിലായിരിക്കും സമാജത്തിൽ നിന്നും ലീഡേഴ്സിനെ ലഭിക്കുന്നത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 വി.ബി.എസ്സ് സെന്ററുകൾക്ക് മാത്രമേ **First Round VBS** ന് ലീഡേഴ്സിനെ ലഭിക്കുക.